പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2139 — 04.11.2019 ൽ മറുപടി നൽകേണ്ടിയിരുന്നത്

**ഇരിക്കൂർ പി.എച്ച്.സി.യെ താലൂക്ക് ആശുപത്രിയായി ഉയർത്തൽ**

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഇരിക്കൂർ പ്രൈമറി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തുവാൻ കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് തീരുമാനിച്ചിരുന്നോ; | (എ) | സ.ഉ.(കൈ)നം.261/15/ആ.കു.വ. തീയതി 16.11.2015 നമ്പർ ഉത്തരവ് പ്രകാരം തീരുമാനിച്ചിരുന്നു. |
| (ബി) | ഇതിന്റെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ പകർപ്പ് മേശപ്പുറത്ത് വെക്കുമോ; | (ബി) | ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇതിന്റെ തുടർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ? | (സി) | ഇരിക്കൂർ ഗ്രാമപഞ്ചായത്തിലാണ് ഇരിക്കൂർ സാമൂഹികാരോഗ്യ കേന്ദ്രം സ്ഥിതി ചെയ്യുന്നത്. ടി പ്രദേശത്തെ ജനസംഖ്യ 16902 ആണ്. 24 കിടക്കകൾ അനുവദിച്ചിട്ടുള്ള ടി സ്ഥാപനത്തിന് ഒ.പി., മാനസികാരോഗ്യ ക്ലിനിക്, ഡെന്റൽ ഒ.പി.വിഭാഗം ഒപ്റ്റോമെട്രിസ്റ്റിന്റെ സേവനം, എൻ.സി.ഡി ക്ലിനിക്, ലാബ് സൗകര്യം , IDRV കുത്തിവയ്പ് പെയിൻ & പാലിയേറ്റീവ് കെയർ, കുടുംബക്ഷേമം ഉപകേന്ദ്രത്തിന്റെ സേവനങ്ങൾ തുടങ്ങിയ സേവനങ്ങൾ നിലവിൽ നൽകി വരുന്നുണ്ട്.<br>ഇരിക്കൂർ സാമൂഹികാരോഗ്യ കേന്ദ്രം താലൂക്കാശുപത്രിയായി പരിഗണിച്ച് 4 കാഷ്വാലിറ്റി മെഡിക്കൽ ആഫീസറുടെ തസ്തിക സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - സംസ്ഥാനത്തെ കാഷ്വാലിറ്റി യൂണിറ്റ് ഇല്ലാത്ത 35 താലൂക്ക് ആശുപത്രികളിൽ കാഷ്വാലിറ്റി യൂണിറ്റുകൾ ആരംഭിക്കുന്നതിനായി 148 അസിസ്റ്റന്റ് സർജൻ / കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തിക സൃഷ്ടിച്ച് ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ(കൈയ്യെഴുത്ത്)നം.261/2015/ആ.കു.വ  തിരുവനന്തപുരം, തീയതി, 16.11.2015

---

പരാമർശം:-1) 17.02.2010-ലെ സ.ഉ (അച്ച്) നം.69/2010/ആകുവ.
2) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 16.08.2013 തീയതിയിലെ പി.എൽ.എ 1/29941/12/ആവഡ നമ്പർ കത്ത്.

**ഉത്തരവ്**

ആരോഗ്യ വകുപ്പിൽ കാഷ്വാലിറ്റികളില്ലാത്ത വിവിധ താലൂക്കാശുപത്രികളിൽ കാഷ്വാലിറ്റി യൂണിറ്റ് ആരംഭിക്കുന്നതാണെന്ന് 2013 – 14 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയും, അഞ്ചുകോടി രൂപ വകയിരുത്തുകയുമുണ്ടായി. എന്നാൽ പ്രസ്തുത വാഗ്ദാനത്തിന് അംഗീകാരം നൽകിയിട്ടില്ലാത്തതിനാൽ വളരെയേറെ പ്രയാസങ്ങൾ അനുഭവപ്പെടുന്നുണ്ട്.

2. 1961-ലെ സ്റ്റാഫ് പാറ്റേൺ തുടരുന്ന ആരോഗ്യ വകുപ്പിലെ ആശുപത്രികളിൽ പുനർവിന്യാസത്തിലൂടെ താലൂക്കാശുപത്രികളിലെ കാഷ്വാലിറ്റികൾ പ്രവർത്തിപ്പിക്കുവാൻ കഴിയുകയില്ല. പരാമർശം (1)-ലെ ഉത്തരവു പ്രകാരം 2010-ൽ സ്പെഷ്യാലിറ്റി കേഡർ നിലവിൽ വന്നതിനെത്തുടർന്ന് ജില്ലാ / ജനറൽ / താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിൽ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ജനറൽ കേഡർ (അസിസ്റ്റന്റ് സർജൻ / ആർ.എം.ഒ) വിഭാഗത്തിലെ ഡോക്ടർമാർ ഇല്ലാത്തതിനാൽ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിൽ സ്പെഷ്യാലിറ്റി ഡോക്ടർമാർതന്നെ കാഷ്വാലിറ്റി ഡ്യൂട്ടി നോക്കേണ്ടിവരുന്നു. സ്പെഷ്യാലിറ്റി ഡോക്ടർമാർ നൈറ്റ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുമ്പോൾ അടുത്ത ദിവസം ഡേ ഡ്യൂട്ടിയിൽ പ്രസ്തുത ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ കഴിയില്ല. അതിനാൽ സംസ്ഥാനത്തെ കാഷ്വാലിറ്റി യൂണിറ്റ് ഇല്ലാത്ത താലൂക്ക് ആശുപത്രികളിൽ അസിസ്റ്റന്റ് സർജൻ തസ്തികകൾ സൃഷ്ടിക്കുന്നതിന് പരാമർശ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. തസ്തിക സൃഷ്ടിക്കാനായി ചെലവഴിക്കുന്ന

Scanned with ACE Scanner

ളക. സാധാരണക്കാരന് സർക്കാർ ആശുപത്രികളിൽ നിന്ന് മെച്ചപ്പെട്ട അടിയന്തിര സേവനം ലഭ്യമാക്കി ജീവൻ രക്ഷിക്കുന്നതിനാണ് വിനിയോഗിക്കുന്നത്. തസ്തിക സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്ന താലൂക്ക് ആശുപത്രികൾ, നാഷണൽ ഹൈവേ / പ്രധാന റോഡുകൾ എന്നിവയുടെ സമീപത്ത് സ്ഥിതിചെയ്യുന്നവയുമാണ്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലുണ്ടായ പല റോഡപകടങ്ങളിലും പരിക്കേറ്റവർക്ക് ഈ ആശുപത്രികളിൽ ഡോക്ടർമാരുടെ അഭാവംമൂലം യഥാക്രമം അടിയന്തിര ചികിത്സ ലഭ്യമാക്കാൻ കഴിഞ്ഞിരുന്നില്ല.

3. ഈ സാഹചര്യത്തിൽ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള പാറശ്ശാല, വർക്കല, ചെങ്ങന്നൂർ, വൈക്കം, റാന്നി, മല്ലപ്പള്ളി, പീരുമേട്, അടിമാലി, നെടുങ്കണ്ടം, തൃപ്പൂണിത്തുറ, പിറവം, ഫോർട്ട് കൊച്ചി, വടക്കാഞ്ചേരി, മണ്ണാർക്കാട്, ചിറ്റൂർ, പട്ടാമ്പി, മലപ്പുറം, പേരാമ്പ്ര, നാദാപുരം, താമരശ്ശേരി, കുറ്റ്യാടി, കൽപ്പറ്റ, പേരാവൂർ, നീലേശ്വരം, കടയ്ക്കൽ, ശാസ്താംകോട്ട, പുളിക്കുന്ന്, പാമ്പാടി, കറിവിലങ്ങാട്, കരുവേലിപ്പടി, മട്ടാഞ്ചേരി, കോന്നി, വണ്ടൂർ, ഫോർട്ട് (തിരുവനന്തപുരം), നീണ്ടകര എന്നീ താലൂക്കാശുപത്രികളിൽ കാഷ്വാലിറ്റി യൂണിറ്റുകൾ ആരംഭിക്കുന്നതിനും, പാനൂരിലെയും, ഇരിക്കൂരിലെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ കാഷ്വാലിറ്റി യൂണിറ്റുകളുള്ള താലൂക്ക് ആശുപത്രികളായി ഉയർത്തുന്നതിനും, 148 കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തികകൾ (24040 – 38840 ശമ്പള സ്കെയിലിൽ) സൃഷ്ടിച്ച്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.കെ.ഇളങ്കോവൻ
സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യം).
ബന്ധപ്പെട്ട എല്ലാ താലൂക്ക് ആശുപത്രി സൂപ്രണ്ട്മാർക്കും (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്.
ധനകാര്യ വകുപ്പ് (E File No.30372/H&L-B1/15/Fin പ്രകാരം).
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
വിവര പൊതുജന സമ്പർക്ക (Web & New Media) വകുപ്പ്.
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Scanned with ACE Scanner